(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഏകദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ഉണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിയ്ക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽ കൂടി വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ നീക്കം സുഗമമാക്കുന്നതിനുമായി 4-8-2015-ലെ 12960/എ.ആർ. 14(2)/15/ഉഭവ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം

19 (1751) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വകുപ്പുകളിലായി ജോലിനോക്കുന്ന സർക്കാർ ജീവനക്കാരുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2016 ജനുവരി 31 വരെ സർവ്വീസിലുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2011-12 സാമ്പത്തിക വർഷത്തിൽ അദ്ധ്യാപകരുൾപ്പെടെ ആകെ സർക്കാർ ജീവനക്കാരുടെ എണ്ണം 499563 ആയിരുന്നു.

(ബി) 2015-16-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 511487 ആണ്.

സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം

20 (1752) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പഠനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം അക്കാദമിക താൽപ്പര്യങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ, വിശദമാക്കാമോ?

ഉത്തരം

(എ-ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് മാത്രമായി ഒരു പൊതു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഈവനിംഗ് ക്ലാസ്സുകളിൽ പാർട്ട് ടൈം ആയി കോഴ്സ് ചെയ്യുന്നവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 1-12-1965-ലെ GO(MS)No.705/65/PD, 27/1/1967-ലെ സർക്കുലർ നമ്പർ 3/67/PD, 30-4-1970-ലെ 1/70/PD, 25/4/1973-ലെ GO(MS)No.113/73/PD എന്നീ ഉത്തരവുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ ഓഫീസ് പ്രവർത്തി സമയം കഴിഞ്ഞ് മുൻകൂർ അനുമതിയോടെ പാർട്ട്ടൈം അക്കാഡമിക് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ട്. നിയമനാധികാരിയാണ് അത്തരം പഠനത്തിന് അനുമതി നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly